# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5134 — 24-10-2011-ൽ മറുപടിയ്ക്ക്

## പമ്പാ റിവർ അതോറിറ്റി

| ചോദ്യം : ശ്രീ.രാജു എബ്രഹാം<br>ശ്രീ.സുരേഷ് കുറുപ്പ്<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.എസ്.രാജേന്ദ്രൻ | ഉത്തരം: ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) സന്നിധാനത്തും പമ്പയിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പമ്പാ റിവർ അതോറിറ്റിക്ക് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) ഇല്ല. എങ്കിലും കേരള സർക്കാരിന് കീഴിൽ 2700-16-800-97-പമ്പാ റിവർ ബേസിൻ അതോറിറ്റി എന്ന ശീർഷകം ടോക്കൺ പ്രൊവിഷനായി തുടങ്ങിയിട്ടുണ്ട്. ആയതിൽ ഫണ്ട് അനുവദിച്ചു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) 2010-ൽ കേരള ഹൈക്കോടതി പമ്പയിലെ പൂഴമണൽ ഖനന നിയമത്തിന്റെ നിർവ്വഹണത്തിലെ പോരായ്മകൾ ചൂണ്ടിക്കാണിച്ചിരുന്നുവോ; എങ്കിൽ പ്രസ്തുത പോരായ്മകൾ പരിഹരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ? | (ബി) കാണിച്ചിരുന്നു. ബഹു.കേരള ഹൈക്കോടതിയുടെ 22-02-2011-ലെ WP(C) No. 37940/2010 നമ്പർ വിധി പ്രകാരം CESS, CWRDM എന്നീ സ്ഥാപനങ്ങൾ വഴി ടി നദിയിലെ സാന്റ് ഓഡിറ്റ് ചെയ്ത് ജില്ല വിദഗ്ധ സമിതിയുടെ തീരുമാനപ്രകാരം മാത്രമേ മണൽ ഖനനം നടത്താവൂ എന്ന് ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പമ്പാ നദിയിലെ മണൽ ഖനനം പൂർണ്ണമായും നിരോധിച്ചിട്ടുള്ളതാണ്. അനധികൃത മണൽ ഖനനത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ